പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2835 | 17/10/2016 ൽ മറുപടി നല്കേണ്ടത്.

**മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് പുതിയ കെട്ടിട സമുച്ചയം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് 33 കോടി രൂപയുടെ പദ്ധതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ബി സി) ഡി ) | മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് പുതിയ കെട്ടിട സമുച്ചയം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതു സംബന്ധിച്ച് 33 കോടി രൂപയുടെ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ഒരു നിർദ്ദേശം ആരോഗ്യവകുപ്പഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ നബാർഡ് മാർഗ്ഗനിർദ്ദേശ ങ്ങൾക്കനുസരിച്ച് ഓരോ ആശുപത്രിയ്ക്കും പ്രത്യേകം പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് തിരിച്ചയച്ചിരിക്കുകയാണ്. |
| ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |
| സി) | പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ; | | |
| ഡി) | നബാർഡ് പ്രസ്തുത പദ്ധതിക്കാവശ്യമായ തുക ലഭ്യമാക്കുന്നില്ലെങ്കിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ